DESPATCHED
On. 5/2/22..

18/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2503*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **17182**/*എസ്.ഐ.സി–ജി 6/15*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.സി.കൊച്ചുവർക്കി(ജോസ്),
പാട്ടത്തിൽ വീട്,
കിഴക്കേകോടാലി,
പി.ഒ. പാഡി, തൃശ്ശൂർ. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഇൻസ്പെക്ടർ ഓഫ് പോലീസ്,
പേരാമംഗലം പോലീസ് സ്റ്റേഷൻ,
തൃശ്ശൂർ സിറ്റി.

2. അപ്പീൽ അധികാരി&
പോലീസ് സർക്കിൾ ഇൻസ്പെക്ടർ,
സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം,
പേരാമംഗലം, തൃശ്ശൂർ ജില്ല. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.08.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.09.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 30.09.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23.10.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.11.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 05.11.2015 |
| ഹിയറിംഗ് നടന്ന തീയതി | 12.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 20.08.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 16.09.2015ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട 1,2 ചോദ്യങ്ങൾക്കുള്ള മറുപടി വിവരാവകാശ നിയമം 8(j) പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നും ടി മറുപടിയിൽ അതൃപ്തിയുള്ള പക്ഷം അപ്പീൽ അധികാരിയായ പേരാമംഗലം സർക്കിൾ ഇൻസ്പെക്ടർക്ക് 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കാമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 23.10.2015ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീൽ പരിശോധിച്ചതിൽ ടി വിഷയത്തിൽ എസ്.എച്ച്.ഒ. പേരാമംഗലത്തിന്റെ മറുപടി ശരിവച്ചുകൊണ്ട് ടിയാന്റെ അപേക്ഷ നിരസിച്ചിരിക്കുന്നുവെന്നും ടി മറുപടിയിൽ തൃപ്തനല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ രണ്ടാം അപ്പീൽ അധികാരിയായ ബഹു.സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ 90 ദിവസത്തിനകം അപ്പീൽ സമർപ്പിക്കാമെന്നാണ് അറിയിച്ചത്.

3. ഒന്നാം എതിർകക്ഷി 30.11.2015ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൊതുജനതാല്പര്യ പ്രകാരമുള്ള ഹർജിയായി പരിഗണിക്കാനാവില്ല എന്നു കണ്ട് വിവരാവകാശ നിയമം 8(j) പ്രകാരം എസ്.എച്ച്.ഒ. പേരാമംഗലം പ്രസ്തുത രേഖകൾ നിരസിച്ച് മറുപടി നൽകിയിട്ടുള്ളതും ഇതിനെതിരെ സമർപ്പിച്ച ഒന്നാം അപ്പീലിന് എസ്.പി.ഐ.ഒ.യുടെ നിലപാട് ശരിയാണെന്ന് ബോധ്യപ്പെട്ടതിനാൽ ഒന്നാം അപ്പീൽ നിരസിച്ച് മറുപടി നൽകിയെന്നുമാണ്. ഹർജിക്കാരൻ രേഖാപ്രകാരം ആവശ്യപ്പെട്ട രേഖകൾ പൊതുജനതാല്പര്യത്തിനേക്കാൾ ഉപരി വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടിയാണ് എന്ന ഉത്തമവിശ്വാസത്തിലാണ് രേഖാമൂലം ഇപ്രകാ

രമൊരു മറുപടി നൽകിയതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട കേസ്സ് സംബന്ധിച്ച് വിചാരണ ബഹു.തൃശ്ശൂർ അഡീഷണൽ സെഷൻസ് കോടതിയിൽ 26.10.2015 മുതൽ ആരംഭിച്ചിട്ടുള്ളതാണെന്നും ടി കേസ്സിലേയ്ക്കായി റിമാന്റ് ചെയ്യപ്പെട്ട പ്രതിയുടെ ജാമ്യ ഹർജി തള്ളിയ ബഹു.ജില്ലാ കോടതി ടി കാര്യത്തിൽ നടത്തിയ പ്രധാന നിരീക്ഷണം സാമ്പത്തികമായും മറ്റുതരത്തിലുമുള്ള സ്വാധീനങ്ങൾ ഉപയോഗിച്ച് കേസ്സ് അട്ടിമറിക്കുവാൻ സാധ്യതയുണ്ടെന്നാണ്. ഇതേ നിരീക്ഷണം മുഖവിലയ്ക്കെടുത്താണ് ബഹു.ഹൈക്കോടതിയും സുപ്രീം കോടതിയും പ്രതിയുടെ ജാമ്യ അപേക്ഷ തള്ളിയിട്ടുള്ളതെന്നാണ്.

രേഖാപ്രകാരം ഹർജിക്കാരന്റെ അപ്പീൽ നിരസിച്ചത് ഇത്രയും പ്രമാദമായ ഒരു കേസ്സിലെ പ്രതിയെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറുന്നത് പ്രോസിക്യൂഷന് എതിരായി മാറുന്നതിനെതിരെയുള്ള മുൻകരുതലാണെന്നും വിചാരണ കോടതിയിലും ടി കാര്യാലയത്തിലും പ്രസ്തുത കേസ്സുമായി യാതൊരു ബന്ധവുമില്ലാത്ത പലരും വിവരങ്ങൾ ആരാഞ്ഞ് വിവരാവകാശ നിയമപ്രകാരവും അല്ലാതെയും അപേക്ഷകൾ സമർപ്പിക്കുകയുണ്ടായെന്നും (പകർപ്പുകൾ കമ്മീഷന്റെ പരിശോധനയ്ക്കായി ഹാജരാക്കുന്നുണ്ട്) ആയത് വിവരാവകാശ നിയമത്തിന്റെ മറവിൽ വിവരങ്ങൾ ശേഖരിച്ച് പ്രതിഭാഗത്തിന് കൈമാറാനാണെന്ന ന്യായമായ സംശയം ഉയർത്തുകയാണെന്നുമാണ്.

കമ്മീഷൻ മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച രണ്ടാം അപ്പീലിലൊഴികെ ഒന്നാം അപ്പീലിലോ പേരാമംഗലം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച അപേക്ഷയിലോ ടിയാൻ വാദിയായി കൊടകര സ്റ്റേഷനിൽ ഉള്ള കേസ്സിന്റെ ക്രൈം നമ്പർ പ്രതിപാദിച്ചിട്ടില്ലാത്തതാണെന്നും അവിടെ സമർപ്പിച്ച അപ്പീലിൽ നിന്നുള്ള വിവരപ്രകാരം അന്വേഷിച്ചതിൽ കോടതി ഉത്തരവിൻ പ്രകാരം പ്രസ്തുത കേസ്സ് ക്രൈം.425/15 ആയി തൃശ്ശൂർ-വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് കൊടകര പോലീസ് സ്റ്റേഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് ക്രൈം. 731/15 u/s.406, 417, 418, 420 IPC പ്രകാരം റീ-രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 19.09.2015ന്

ബഹു.JFCM ഇരിങ്ങാലക്കുട കോടതിയിൽ പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതായി അറിവായിട്ടുണ്ടെന്നുമാണ്.

ഹർജിക്കാരന്റെ മരുമകനായ ജോജോ എന്നയാൾക്ക് ഒന്നു മുതൽ മൂന്നുവരെയള്ള പ്രതികൾ മുരിയാട് വില്ലേജ് സർവ്വെ 137/1, 138/1 -ൽ പ്പെട്ട ഭൂമി കരഭൂമിയാണ് എന്ന് തെറ്റിദ്ധിച്ച് കൈമാറി ചതി ചെയ്തുവെന്നതാണ് കേസ്സെന്നും ടി കേസ്സിലെ 3-ാം പ്രതി മാത്രമായ നിഷാമിന്റെ പേരിലുള്ള കേസ്സുകളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും ഭൂമി ഇടപാടിനെ സംന്ധിച്ചുള്ള കേസ്സിലെ 3-ാം പ്രതിയുടെ മറ്റു ക്രിമിനൽ കേസുകളിലെ വിവരങ്ങൾ ശേഖരിക്കുന്നത് - ടി കേസ്സ് ശക്തിപ്പെടുത്താനാണെന്ന വാദം സംശയാസ്പദമാണെന്നാണ്. അപ്രകാരം പ്രതി നിഷാമിന്റെ കേസ്സുകളുടെ വിവരങ്ങൾ കൈമാറുന്നത് പ്രോസിക്യൂഷന് പ്രതികൂലമാകാതിരിക്കുന്നതിനും ആവശ്യപ്പെട്ട വിവരങ്ങൾ പൊതുതാല്പര്യത്തിൽ അധിഷ്ഠിതമല്ല എന്ന ഉത്തമവിശ്വാസത്തിലും ഹർജിക്കാരന്റെ അപ്പീൽ നിരസിച്ച് കൃത്യ സമയത്തിനുള്ളിൽ മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

ഹർജിക്കാരൻ പേരാമംഗലം പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷ, മറുപടി, ടി കാര്യാലയത്തിൽ ലഭിച്ച ഒന്നാം അപ്പീൽ, മറുപടി, നിഷാം കേസ്സുമായി ടി കാര്യാലയത്തിൽ ലഭിച്ച വിവരാവകാശ അപേക്ഷകൾ, വിചാരണ കോടതിയിൽ സമർപ്പിച്ച അപേക്ഷ എന്നിവയുടെ പകർപ്പുകൾ എന്നിവ കമ്മീഷന്റെ പരിശോധനയ്ക്കായി സമർപ്പിക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും തൃപ്തികരമായ മറുപടി ലഭ്യമാകാത്തതിനാലാണ് രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നുമാണ്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ,ഹർജിക്കാരന് ഒരാഴ്ചയ്ക്കുള്ളിൽ വിവരം നൽകണമെന്നും പ്രസ്തുത വിവരം രേഖ

പ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർക ക്ഷിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 18-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM